# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 21**

---

## എം. ജി.യു. ബിരുദ ഏകജാലകം: സപ്ലിമെന്ററി അലോട്മെന്റ് രജിസ്ട്രേഷൻ ജൂലൈ 24 വരെ

*മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്മെൻറിന് ഇപ്പോൾ അപേക്ഷിക്കാം. ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സാധിക്കാത്തവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും, പ്രവേശനം ലഭിച്ചതിനു ശേഷം റിജക്ട് ആയിപ്പോയവർക്കും, നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാഞ്ഞവർക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യം ജൂലൈ 24 വരെ ലഭ്യമായിരിക്കുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്.*

*മുൻ അലോട്മെന്റുകളിൽ ഓപ്ഷനുകൾ നൽകിയിട്ടുള്ളവർ സപ്ലിമെന്ററി അലോട് മെന്റിൽ പങ്കെടുക്കാനായി പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.*

*മാനേജ്മെന്റ് ക്വാട്ടക്ക് അപേക്ഷിക്കാനായുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം ക്യാപ് ഐഡി ഉണ്ടാക്കിയിട്ടുള്ളവർ അതേ ലിങ്കിലൂടെ തന്നെ ലോഗിൻ ചെയ്യേണ്ടതാണ്. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും പ്രവേശനം നടക്കുന്നുണ്ട്. നിലവിൽ പ്രവേശനമെടുത്തവർക്ക് സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാനാവില്ല. വിശദവിവരങ്ങൾക്ക്-* cap.mgu.ac.in/ugpcap2026/

*(പി. ആർ. ഒ./670/2026)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസിൽ എം.എ ജെൻഡർ സ്റ്റഡീസ് പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ കുറഞ്ഞത് 50 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ ജൂലൈ 23, വ്യാഴാഴ്ച രാവിലെ 10.30-ന് അസ്സൽ രേഖകൾ സഹിതം കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിന്റെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഇമെയിൽ-* sgs@mgu.ac.in

------------

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ 4 സീറ്റുകളിൽ ഒഴിവുണ്ട്. 50 ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയ താല്പര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 23 ന് രാവിലെ 10.00 മണിക്ക് സർവകലാശാല ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 0481-2733374, 9496322062 ഇമെയിൽ:* sts@mgu.ac.in

------------

*മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് ലോ ഡിപ്പാർട്ട്മെന്റിൽ ദ്വിവത്സര എൽ.എൽ.എം. (ക്രിമിനൽ ലോ ആൻഡ് സൈബർ ഫോറൻസിക്സ്) കോഴ്സിൽ എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്.*

*അർഹരായ വിദ്യാർത്ഥികൾ യോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 23-ന് രാവിലെ 10.30-ന് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഈ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ അഭാവത്തിൽ, മെരിറ്റ്/സംവരണ മാനദണ്ഡങ്ങൾ പാലിച്ച് 2026* MGU CAT *പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഇതര വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. ഫോൺ-: 04812310165, ഇമെയിൽ-:*silt@mgu.ac.in

------------

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ എം.എഡ് ഡിഗ്രി പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബി.എഡ്, ബി.എ.ബി.എഡ്, ബി.എസ്.സി.ബി.എഡ്,*

*ബി.എൽ.എഡ് അല്ലെങ്കിൽ 50 ശതമാനം മാർക്കോടെയുള്ള ബിരുദവും ഡി.എൽ.എഡും ഉള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ ജൂലൈ 23-ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0481-2731042, ഇമെയിൽ:* sps@mgu.ac.in.

*(പി. ആർ. ഒ./671/2026)*

## സീറ്റ് ഒഴിവ്

*മഹാത്മാഗാന്ധി സർവകലാശാലയുടെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്-ടേം പ്രോഗ്രാംസ് നടത്തുന്ന തൊഴിലധിഷ്ഠിത ഫുൾടൈം കോഴ്സായ 'പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റാ ആൻഡ് ബിസിനസ് അനലിറ്റിക്സ്' പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.*

*ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. ഒരു വർഷം ദൈർഘ്യമുള്ള കോഴ്സിന്റെ ആകെ ഫീസ് 60,000 രൂപയാണ്. താൽപ്പര്യമുള്ളവർ ജൂലൈ 31-നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്* dasp.mgu.ac.in

*(പി. ആർ. ഒ./672/2026)*

## പരീക്ഷയക്ക് അപേക്ഷിക്കാം

*അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ത്രിവത്സര എൽഎൽബി (2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷകൾക്ക് ജൂലൈ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 24 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 25 വരെയും അപേക്ഷ സ്വീകരിക്കും.*

------------

*അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി , ബിബിഎ എൽഎൽബി (ഓണേഴ്സ്) 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015*

*അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ജൂലൈ 2026 പരിക്ഷയ്ക്ക് ജൂലൈ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 24 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 25 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി. ആർ. ഒ./673/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ എംഎസ്.സി കെമിസ്ട്രി (2024 പരാജയപെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 4 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി. ആർ. ഒ./674/2026)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎസ്.സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 28 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*------------*

*രണ്ടാം സെമസ്റ്റർ എംഎ എക്കണോമെട്രിക്സ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*------------*

*രണ്ടാം സെമസ്റ്റർ എംഎസ്.സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി. ആർ. ഒ./675/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**